അട്ടപ്പാടി ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലെ ഡോക്ടർമാരുടെ ഒഴിവുകളിൽ 5 ഡോക്ടർമാരെ അഡ്ഹോക്ക് വ്യവസ്ഥയിലും ഒരു ഡോക്ടറെ ഡിപ്ലോയ്മെന്റ് വഴിയും നിയമിച്ചിട്ടുണ്ട്. 6 സ്റ്റാഫ് നഴ്സുമാരെ അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. ഫാർമസിസ്റ്റുമാരുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് വഴി നിയമിച്ച ഫാർമസിസ്റ്റ് ജോലിക്ക് ഹാജരായിട്ടില്ല. ലാബ് ടെക്നീഷ്യന്മാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹെഡ് നഴ്സ്, സ്റ്റാഫ് നഴ്സ് ഗ്രേഡ് - I, നഴ്സിംഗ് അസിസ്റ്റന്റ് എന്നിവ പ്രൊമോഷൻ തസ്തികകളാണ്. ഒഴിവുകളിലേയ്ക്ക് പ്രൊമോഷൻ ഉടൻ നൽകുന്നതാണ്.

(സി) സ്വീകരിക്കും. ഒഴിവുള്ള തസ്തികകളിൽ പി.എസ്.സി. വഴിയും പ്രൊമോഷൻ വഴിയും അഡ്ഹോക്ക് വ്യവസ്ഥയിലും നിയമനം നടത്തിവരുന്നു.

ന്യൂമോണിയ പ്രതിരോധ മരുന്ന്

63(761) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂമോണിയ പ്രതിരോധ മരുന്ന് സൗജന്യമായി നൽകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇത് എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ.

(സി) ഇതിനു കേന്ദ്ര സഹായം ലഭ്യമാക്കിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത മരുന്ന് ലഭിക്കുന്നതിന് വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കുട്ടികളിൽ കണ്ടുവരുന്ന ന്യൂമോണിയ രോഗത്തിന് ഒരു പ്രധാന കാരണം ഹീമോഫിലസ് ഇൻഫ്ലുവൻസാ-ബി (Haemophilus Influenza-B) വൈറസ് മൂലമുണ്ടാകുന്ന ശ്വാസകോശ അണുബാധയാണ്. ഒരു വയസ്സിന് താഴെയുള്ള കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ്പ് പട്ടികയിൽ ചേർത്ത് ഈ രോഗത്തിനുള്ള പ്രതിരോധ മരുന്ന് നൽകുന്നു. ഇത് പെന്റാവാലന്റ് വാക്സിൻ എന്നറിയപ്പെടുന്നു. ഹീമോഫിലസ് ഇൻഫ്ലുവൻസ ഉൾപ്പെടെ 5 രോഗത്തിന് പ്രതിരോധമായി ഈ വാക്സിൻ നൽകുന്നുണ്ട്. ഇത് സൗജന്യമായി എല്ലാ സർക്കാർ ആശുപത്രികളിലും ഒരു വയസ്സിൽ താഴെയുള്ളവർക്ക് 3 ഡോസ് പെന്റാവാലന്റ് വാക്സിൻ ഒരു മാസ വ്യത്യാസത്തിൽ നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നൽമോണിയ പ്രതിരോധ മരുന്ന് സൗജന്യമായി എല്ലാ സർക്കാർ ആശുപത്രികളിലും ഒരു വയസ്സിൽ താഴെയുള്ളവർക്ക് നൽകിവരുന്നു.

(സി) ആവശ്യമായ വാക്സിൻ കേന്ദ്ര ഗവൺമെന്റ് സൗജന്യമായി നൽകി വരുന്നു.

(ഡി) പ്രസ്തുത മരുന്ന് ലഭിക്കുന്നതിന് വരുമാനപരിധി നിശ്ചയിച്ചിട്ടില്ല.

കാസർഗോഡ് ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ലബോറട്ടറി സൗകര്യം

64(762) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര സർക്കാർ ആശുപത്രികളുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇതിൽ എത്ര ആശുപത്രികളിൽ ലബോറട്ടറി പരിശോധനാ സൗകര്യമുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പനിബാധിച്ച രോഗികളെ സ്വകാര്യ ലാബുകളുടെ ചൂഷണത്തിൽനിന്ന് രക്ഷിക്കുന്നതിനായി എല്ലാ സർക്കാർ ആശുപത്രികളിലും ലബോറട്ടറി പരിശോധനാ സൗകര്യം നടപ്പിലാക്കുന്ന വിഷയം പരിഗണിക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ സർക്കാർ ആശുപത്രികൾ:

ജില്ലാ ആശുപത്രി	1
ജനറൽ ആശുപത്രി	1
താലൂക്ക് ആശുപത്രി	2
സി.എച്ച്.സി.	9
24 X 7 പി.എച്ച്.സി.	10
മിനി പി.എച്ച്.സി.	30
ജില്ലാ ടി.ബി. സെന്റർ	1
ആകെ	54

LIBRARY ARCHIVES Kerala Legislative Assembly